**<u>നേപ്പാളിൽ സ്വതന്ത്രവും സുതാര്യവും വിജയകരവുമായി തെരഞ്ഞെടുപ്പുകൾ നടന്നു</u>**

നവംബർ 19, 2013

ജനാധിപത്യവും സമൃദ്ധവുമായ ഒരു ഭാവി എന്ന തിരിച്ചറിവോടെയുള്ള നേപ്പാളിന്റെ ലക്ഷ്യത്തിലേക്കുള്ള പ്രധാന ചുവടുവയ്പാണ് ഇന്ന് നേപ്പാളിൽ നടന്ന നിയോജകമണ്ഡലത്തിലേക്കും പാർലമെന്റിലേക്കുമുള്ള സ്വതന്ത്രവും സുതാര്യവുമായ രീതിയിൽ വിജയകരമായി നടന്ന തെരഞ്ഞെടുപ്പുകൾ. ഈ നേട്ടത്തിൽ നേപ്പാളിലെ ജനങ്ങൾ , രാഷ്ട്രീയ പാർട്ടികള് , ഗവൺമെന്റ്, സുരക്ഷാ സേനകൾ , തെരഞ്ഞെടുപ്പ് കമ്മീഷൻ എന്നിവർ അഭിനന്ദനം അർഹിക്കുന്നു.

ജനാധിപത്യ പ്രക്രിയയിൽ നേപ്പാളിലെ ജനങ്ങള് നല്കിയ വിശ്വാസമാണ് അഭിനന്ദനാർഹമായ ഈ മാറ്റം .

നേപ്പാൾ ഗവൺമെന്റിന്റെ അഭ്യർഥന പ്രകാരം തെരഞ്ഞെടുപ്പ് ഭംഗിയായി നടത്തുവാൻ ആവശ്യമായ സേവനങ്ങളും ഉപകരണങ്ങളും എത്തിച്ചുകൊടുക്കുവാൻ പിന്തുണ നല്കുവാൻ സാധിച്ചതിൽ ഇന്ത്യ ഗവൺമെന്റിന് സന്തോഷമുണ്ട് .

വികസന കാര്യപരിപാടികളിലെ പുരോഗതിക്കൊപ്പം തന്നെ നേപ്പാളിലെ ജനങ്ങളുടെ അഭിലാഷങ്ങളും പ്രതിഫലിക്കുന്ന പുതിയ ഭരണഘടന എത്രയും എളുപ്പം ഘോഷണം ചെയ്യുന്നത് നേപ്പാളിൽ ശാന്തിയും സമൃദ്ധിയും സ്ഥിരതയും സംഭാവന ചെയ്യുവാനായി സഹായിക്കുമെന്ന് ഇന്ത്യ വിശ്വസിക്കുന്നു. നേപ്പാളിലെ ഗവൺമെന്റിനെയും, നേപ്പാളിലെ

ജനങ്ങളെയും അവരുടെ ഈ ചരിത്രപരമായ ഉദ്യമത്തിൽ പിന്തുണയ്ക്കുവാൻ ഒരു അടുത്ത സുഹൃത്തെന്ന നിലയില് ഇന്ത്യ എപ്പോഴും സന്നദ്ധമാണ് .